പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 310

10/06/2013 ൽ
മറുപടിക്ക്

## സംസ്ഥാനത്തെ പുതിയ മ്യൂസിയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | കുമാരി. പി. കെ. ജയലക്ഷ്മി (ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സർക്കാർ ഉത്തരവുണ്ടോ വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) ഉണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കുങ്കിച്ചിറ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ തൃത്താല, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മൂന്നാർ എന്നിവിടങ്ങളിലും തൃശ്ശൂരിൽ നിലവിലുള്ള മ്യൂസിയം കാമ്പസ്സിലും, പെരിന്തൽമണ്ണയിൽ സ്ഥലം ലഭ്യമാകുന്നതനുസരിച്ചാണ് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) പുതിയതായി മ്യൂസിയങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം താലൂക്കുകളിലാണ് ; | |
| (സി) അതിന്റെ പ്രാരംഭ ചെലവുകൾക്കായി എന്തു തുക അനുവദിച്ചു ; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വിശദാംശം വ്യക്തമാക്കുമോ ? | (സി) ഇതിൽ വയനാട് മ്യൂസിയം തുടങ്ങുന്നതിനായി ഭൂമി കൈമാറി റവന്യൂ വകുപ്പ് ജി.ഒ.(എം.എസ്) 79/2013/റവ തീയതി 2/3/13 ൽ ഉത്തരവാകയും 5/1/13 ൽ ജി.ഒ.(ആർ.ടി.) നമ്പർ 3/2013/സാംകവ പ്രകാരം വയനാട് ഹെറിറ്റേജ് മ്യൂസിയം സംബന്ധിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും പദ്ധതി വിവരണത്തിൽ ഇതിനായി തുക ലഭ്യമല്ലാത്തതിനാൽ വിനിയോഗം നടന്നില്ല. 2013-14 ലെ പ്ലാൻ ബജറ്റിൽ മ്യൂസിയവും മൃഗശാലയും വകുപ്പിന് അനുവദിച്ച 13 കോടി രൂപയിൽ നിന്നും പ്രസ്തുത മ്യൂസിയങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ